ഉത്തരം

(എ) 5-11-2004-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവാദം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) എം.ആർ.എസിൽ +2 കോഴ്സ് ആരംഭിക്കുന്നതിലേക്കായി ആവശ്യമായ അദ്ധ്യാപകേതര തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാലും അദ്ധ്യയന വർഷം പകുതിയിലേറെ പിന്നിട്ടിരുന്നതിനാൽ വിദ്യാർത്ഥികളെ ലഭിക്കാതിരുന്നതിനാലും ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അനുവദിച്ചു നൽകിയ സമയപരിധി കഴിഞ്ഞിരുന്നതിനാലും +2 കോഴ്സ് ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് രൂപം നൽകിയ ആദിവാസി കോളനി വികസന പദ്ധതി

166 [942] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ആദിവാസി കോളനികളുടെ വികസനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികൾക്കാണ് രൂപം കൊടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഫലമായി കോളനികളിൽ വൈദ്യുതി ലഭിക്കാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ;

(സി) കണ്ണൂർ ജില്ലയിലെ പാട്ട്യം ഗ്രാമ പഞ്ചായത്തിലെ ചെറുവാഞ്ചേരി മുണ്ടയോട്ട് കോളനി വൈദ്യുതീകരിക്കാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ-സാമ്പത്തിക ഉന്നമന പരിപാടികൾ, തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള പദ്ധതികൾക്കാണ് രൂപം കൊടുത്തിരിക്കുന്നത്.

(ബി) ഊരുകൂട്ടങ്ങളുടെ തീരുമാനമനുസരിച്ച് വൈദ്യുതീകരണത്തിനുള്ള പദ്ധതി തയ്യാറാക്കി ജില്ലാതല/സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിനു സമർപ്പിച്ച് കോർപ്പസ് ഫണ്ടിലെ തുക വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പാട്ടം ഗ്രാമ പഞ്ചായത്തിലെ മുണ്ടയോട്ട് കോളനി വൈദ്യുതീകരണത്തിനുള്ള 14,58,700 രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

ലീലയ്ക്ക് ചിത്രകലാ പരിശീലനം നൽകാൻ നടപടി

167 [943] ശ്രീ. എ. കെ. മണി :
,, കെ. ബാബു :
,, പി. ടി. തോമസ് :
,, പി. ശങ്കരൻ :

പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം പരിപാടികളുണ്ട് ;

(ബി) ആദിവാസികളിൽ ചിത്രരചനയിൽ മികവ് പുലർത്തിയിട്ടുള്ളവരുടെ കണക്കെടുത്തിട്ടുണ്ടോ ;

(സി) വയനാട് ജില്ലയിലെ അമ്പലവയൽ എടയ്ക്കൽ കാട്ടുനായ്ക്ക കോളനിയിലെ വെള്ളാച്ചിയുടെയും മാന്നന്റെയും മകളായ ലീല സസ്യങ്ങളിൽ നിന്നെടുക്കുന്ന നീരുകൾ ഉപയോഗിച്ച് വർണ്ണചിത്രങ്ങൾ രചിക്കുന്നതിനുള്ള കഴിവ് പ്രകടിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ലീലയ്ക്ക് ചിത്രകലയിൽ ആവശ്യമായ പരിശീലനം നൽകുവാൻ നടപടിയെടുക്കുമോ ;

(ഇ) ലീലയുടെ രചനകൾ വിൽക്കുവാനുള്ള സഹായങ്ങൾ നൽകുമോ ?

ഉത്തരം

(എ) ആദിവാസി കലാകാരൻമാരുടെ പാരമ്പര്യകലകളും തനതു കലകളും പ്രോത്സാഹിപ്പിക്കുന്നതിന് കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ആദികലാ കേന്ദ്രം സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആദിവാസികൾക്കായി വർഷംതോറും ട്രേഡ് ഫെയറിന്റെ ഭാഗമായി ആർട്ട് ഫെസ്റ്റിവൽ നടത്തി വരുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിലെ മേളകൾക്ക് സംസ്ഥാനത്ത് നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ആദിവാസി കലാകാരൻമാരെ പരിപാടികൾ അവതരിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന ചെലവിൽ അയച്ചുവരുന്നു. കഴിഞ്ഞ വർഷവും ഈ വർഷവും ഒറീസായിലെ 'പരാബ' എന്നറിയപ്പെടുന്ന ഫെസ്റ്റിവലിലേക്ക് 3 കലാ ട്രൂപ്പുകളെ അയയ്ക്കുകയുണ്ടായി. ആദിവാസി കലകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly